ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്, മുംബൈ-400001

ഒക്ടോബർ 10, 2017

**നീഡ്സ് ഓഫ് ലൈഫ് സഹകരണ ബാങ്കിന് (മുംബൈ) ഭാരതീയ റിസർവ് ബാങ്ക് പിഴ ചുമത്തിയിരിക്കുന്നു.**

ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും അവരുടെ ബന്ധുക്കൾക്കും ഈടില്ലാത്ത ഓവർഡ്രാഫ്ട് സൗകര്യങ്ങൾ നൽകിയത് വഴി ഡയറക്ടർമാർക്കും അവരുടെ ബന്ധുക്കൾ, അവർക്കു താല്പര്യമുള്ള സ്ഥാപനങ്ങൾ എന്നിവയ്ക്ക് വായ്പ നൽകുന്നത് നിരോധിച്ചു കൊണ്ട് ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിച്ച നിർദ്ദേശങ്ങളും മാർഗദര്ശനങ്ങളും ലംഘിക്കുക, സംഭാവന നൽകുക, അടച്ചു തീർത്ത മൂലധനത്തിന്റെ 5 ശതമാനത്തിൽ കൂടുതൽ തുക ഒരു വ്യക്തിക്ക് നൽകുക, റിയൽ എസ്റ്റേറ്റ്/ കൊമേർഷ്യൽ റിയൽ എസ്റ്റേറ്റ്/ ഭവന വായ്പ എന്നിവയിൽ നിശ്ചിത പരിധി ലംഘിക്കുക, ഈടില്ലാത്ത വായ്പയുടെ എക്സ്പോഷർ പരിധി (10 %) ലംഘിക്കുക, രണ്ടു ലക്ഷം രൂപ എന്ന വ്യക്തിഗത ഈടില്ലാ വായ്പയുടെ പരിധി ലംഘിക്കുക, DEAF ലേയ്ക്കുള്ള തുക അടക്കാതിരിക്കുക എന്നീ കാരണങ്ങളാൽ 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമം (സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമായത്) 47എ(1)(b), 46(4) എന്നീ വകുപ്പുകൾ പ്രകാരം ഭാരതീയ റിസർവ് ബാങ്കിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് നീഡ്സ് ഓഫ് ലൈഫ് സഹകരണ ബാങ്കിന് അഞ്ചു ലക്ഷം രൂപയുടെ പിഴ ചുമത്തിയിരിക്കുന്നു.

ഭാരതീയ റിസർവ് ബാങ്ക് നൽകിയ കാരണംകാണിക്കൽ നോട്ടീസിന് ബാങ്ക് നേരിട്ടും എഴുതിതയ്യാറാക്കിയ മറുപടിയിലൂടെയും വിശദീകരണം നൽകുകയുണ്ടായി. ഈ വിഷയത്തിന് ആസ്പദമായ എല്ലാ വസ്തുതകളും ബാങ്കിന്റെ മറുപടിയും കൂലംകക്ഷമായി പരിശോധിച്ചതിനുശേഷം ബാങ്ക് നിർദ്ദേശങ്ങൾ ലംഘിച്ചു എന്ന് ഉറപ്പുവരുത്തുകയും അതിനാൽ പിഴ ചുമത്തേണ്ടതാണ് എന്ന നിഗമനത്തിൽ ഭാരതീയ റിസർവ് ബാങ്ക് എത്തുകയും ചെയ്തു.

അജിത്പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന : 2017-2018/981